## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 643 — 08/08/2017-ൽ മറുപടിക്ക്

## ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, വി.എസ്.ശിവകുമാർ<br>,, സണ്ണി ജോസഫ്<br>,, കെ.മുരളീധരൻ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ട്രാൻസ് ഗ്രിഡ് 2.0 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഏകദേശം 10,000 കോടി രൂപ ചെലവ് വരുന്ന ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) | 400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുഗളൂർ-മാടക്കത്തറ 2000 മെഗാവാട്ട് എച്ച്.വി.ഡി.സി. ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്ലാനിംഗ് നിലവാരമനുസരിച്ചുള്ള പ്രസരണ ശൃംഖല നിർമ്മിക്കുന്നതിനുമായാണ് ട്രാൻസ് ഗ്രിഡ് 2.0 വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ഈ പദ്ധതിക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ഉണ്ട്. ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയെ രണ്ടു പ്രധാന ഘട്ടങ്ങളിലായുള്ള വർക്കുകളായും കൂടാതെ ഹരിതോർജ്ജ ഇടനാഴി, ഡൌൺസ്ട്രീം ശൃംഖലയുടെ ശാക്തീകരണം എന്നീ പ്രധാന ഘടകങ്ങളായി തരം തിരിച്ചിരിക്കുന്നു. മൊത്തത്തിൽ ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയിൽ 400 കെ.വി.യുടെ 507 സർക്യൂട്ട് കിലോമീറ്റർ ലൈനും, 220 കെ.വി.യുടെ 1965 സർക്യൂട്ട് കിലോമീറ്റർ ലൈനും, 110 കെ.വി.യുടെ 2009 സർക്യൂട്ട് |

(...2)

| | | | |
|---|---|---|---|
| | | | കിലോമീറ്റർ ലൈനും, 400 കെ.വി.യുടെ 5 സബ്സ്റ്റേഷനുകളും 220 കെ.വി.യുടെ 24 സബ്സ്റ്റേഷനുകളും പ്രധാനമായും ഉൾപ്പെടുന്നു. |
| (ഡി) | ഈ പദ്ധതിക്ക് എന്തെല്ലാം ധനസഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയ്ക്ക് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 1,00,000/- രൂപ വീതം കേരള ബഡ്ജറ്റിൽ നിന്നും അനുവദിച്ചു. കേരള സർക്കാർ സംരംഭമായ കിഫ്ബി വഴി 5,200 കോടി രൂപയുടെ ധനസഹായം വ്യവസ്ഥകൾക്കു വിധേയമായി അനുവദിച്ചിട്ടുണ്ട്. ട്രാൻസ് ഗ്രിഡ് 2.0–ൽ ഉൾപ്പെടുന്ന ഏറനാട് ലൈൻസ് പാക്കേജിനും എച്ച്.റ്റി.എൽ.എസ്. ലൈൻസ് പാക്കേജിനുമായി 400 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡവലപ്പ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.<br>പുനരുത്പാദന സ്രോതസ്സുകളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ സുഗമമായ പ്രസരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതികളാണ് ട്രാൻസ് ഗ്രിഡിലെ ഹരിതോർജ്ജ ഇടനാഴി പദ്ധതികൾ. കേന്ദ്ര സർക്കാരിന്റെ ഹരിത ഇടനാഴി ഫണ്ടിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജി (MNRE)-ൽ നിന്നും 40% ഗ്രാന്റും KFW- (ജർമൻ സർക്കാരിന്റെ ഡവലപ്പ്മെന്റ് ബാങ്ക്)-ൽ നിന്നും 40% സോഫ്റ്റ് ലോൺ ആയും ധനസഹായം നൽകുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ